**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:5468** 18/11/2019- **ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനുള്ള മാനദണ്ഡം**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.കെ.ബാബു** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) | മാരകരോഗങ്ങൾക്കും മറ്റും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം നൽകി വരുന്നുണ്ട്. രണ്ടു ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനം ഉള്ളവർക്കാണ് ധനസഹായത്തിന് അർഹത. അപേക്ഷയോടൊപ്പം ആധാർകാർഡ് /റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പ്, 6 മാസത്തിനകം എടുത്ത അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ചികിത്സാ ധനസഹായത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ രോഗത്തിന്റെ തീവ്രതയ്ക്കും ചികിത്സാചെലവിനും ആനുപാതികമായി ധനസഹായം അനുവദിച്ചു വരുന്നു. |
| ബി) ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | ബി) | ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെയും 10,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കുന്നതിനായി Direct Beneficiary Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ